# ECHO OF HIS CALL

## വിളിയുടെ പ്രതിധ്വനി

MALAYALAM

ECHO OF HIS CALL 1969-2019 GOLDEN JUBILEE

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAANS

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVII | YEAR OF OUR LORD JESUS CHRIST, 2021 JANUARY | No. 4


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**കർത്താവിനു സ്തോത്രം**

**യെശയ്യാവ് 41:11–17**

11. നിന്നോടു കോപിച്ചിരിക്കുന്ന എല്ലാവരും ലജ്ജിച്ചു അമ്പരന്നുപോകും; നിന്നോടു വാദിക്കുന്നവർ നശിച്ചു ഇല്ലാതെയാകും.
12. നിന്നോടു പോരാടുന്നവരെ നീ അന്വേഷിക്കും; കാണുകയില്ലതാനും; നിന്നോടു യുദ്ധം ചെയ്യുന്നവർ നാസ്തിത്വവും ഇല്ലായ്മയും പോലെ ആകും.
13. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു നിന്നോടു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു.
14. പുഴുവായ യാക്കോബേ, യിസ്രായേൽ പരിഷയേ, ഭയപ്പെടേണ്ടാ; ഞാൻ നിന്നെ സഹായിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു; നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നേ.
15. ഇതാ, ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതും ആയ മെതിവണ്ടിയാക്കി തീർക്കുന്നു; നീ പർവ്വതങ്ങളെ മെതിച്ചു പൊടിക്കുകയും കുന്നുകളെ പതിർപോലെ ആക്കുകയും ചെയ്യും.
16. നീ അവയെ പാറ്റും; കാറ്റു അവയെ പറപ്പിച്ചുകൊണ്ടു പോകും; ചുഴലിക്കാറ്റു അവയെ ചിതറിച്ചു കളയും; നീയോ യഹോവയിൽ ഘോഷിച്ചുല്ലസിച്ചു യിസ്രായേലിന്റെ പരിശുദ്ധനിൽ പുകഴും.
17. എളിയവരും ദരിദ്രന്മാരുമായവർ വെള്ളം തിരഞ്ഞു നടക്കുന്നു; ഒട്ടും കിട്ടായ്കയാൽ അവരുടെ നാവു ദാഹംകൊണ്ടു വരണ്ടുപോകുന്നു. യഹോവയായ ഞാൻ അവർക്കു ഉത്തരം അരുളും; യിസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവിടുകയില്ല.

# രാഷ്ട്രങ്ങൾക്കായുള്ള കർത്താവിന്റെ സാക്ഷ്യം

## THE LORD'S TESTIMONY TO THE NATIONS!

*പാസ്റ്റർ ഡേവിഡ് വിൽക്കേർസൻ*

**"രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും"** (മത്തായി. 24:14)

ഇന്നത്തെ കാലഘട്ടത്തിലുള്ള സഭകൾ പലതും കാലത്തിന്റെ അടയാളങ്ങൾ നിർണ്ണയിച്ച് ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ സമയവും കാലതാമസവുമെല്ലാം നിർണ്ണയിക്കുവാൻ ശ്രമിക്കുന്നു. ചില പ്രത്യേക സംഭവങ്ങളിൽ അത്തരം അടയാളങ്ങൾ നാം കാണുകയും ചെയ്യുന്നു. ഉദാഹരണമായി കാണിക്കുന്നത് ചിതറിപ്പാർക്കുന്ന യഹൂദന്മാരുടെ യിസ്രായേലിലേക്കുള്ള മടങ്ങിവരവ്. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന വാക്യത്തിൽ യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള വ്യക്തമായ രൂപരേഖ നൽകിയിരിക്കുന്നു. ലോകം മുഴുവനും സുവിശേഷം അറിയിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ കർത്താവിന്റെ രണ്ടാം വരവ് ഉണ്ടാകുകയുള്ളൂ.

ഇവിടെ ഉപയോഗിച്ചിരിക്കുന്ന സാക്ഷ്യം എന്ന വാക്കിന്റെയും ഇതിന്റെ ഗ്രീക്ക് പദത്തിന്റെ അർത്ഥവും "വസ്തുതയുടെ തെളിവ്" എന്നാണ്. ക്രിസ്തു ഇവിടെ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല അതിനെ ഒരു സാക്ഷ്യമായി അംഗീകരിക്കുകയാണ് ചെയ്തത്. ചുരുക്കത്തിൽ പറഞ്ഞാൽ, നാം പ്രസംഗിക്കുന്ന സുവിശേഷത്തിന് ഒരു ഉദാഹരണവും സാക്ഷ്യവും കൊടുക്കുകയാണെങ്കിൽ അത് കുറച്ചുകൂടെ ഫലപ്രദമാകുമെന്നാണ് അവരു പറയുന്നത്.

ആയിരക്കണക്കിന് സഭകൾ നിറഞ്ഞ രാജ്യമായ അമേരിക്കയിൽ ശക്തമായ സുവിശേഷ സാക്ഷികൾ ഉണ്ടാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടായിരിക്കും. ഒരു തെക്കൻ നഗരത്തിൽ മാത്രം രണ്ടായിരത്തിലധികം ഇവാഞ്ചലിക്കൽ സഭകൾ ഉണ്ട്. അവയിൽ ഒന്നിൽ മാത്രം പതിനയ്യായിരത്തിലധികം അംഗങ്ങളുമുണ്ട്.

എന്നാൽ ഇത്തരം സഭകൾ പോലും യഥാർത്ഥ സുവിശേഷത്തിൽ വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ട്. ഇവരുടെ സഭകളിൽ വിവാഹമോചനം വ്യാപകമാണ്. അവരുടെ വിവാഹിതരല്ലാത്ത ചെറുപ്പക്കാർ സുവിശേഷത്തിനെതിരായ ലൈംഗികജീവിതം നയിച്ചു പോരുന്നു. ഇതെങ്ങനെ സംഭവിക്കുന്നു എന്നു നിങ്ങൾ ചോദിച്ചേക്കാം. ഇങ്ങനെയുള്ള വലി

*3–ാം പേജിൽ തുടരും...*

### ദയവായി ശ്രദ്ധിക്കുക

വിളിയുടെ പ്രതിധ്വനി മാസിക ഇപ്പോൾ മണിപ്പൂരി ഭാഷയിലും കൂടി പ്രസിദ്ധീകരിക്കുന്നു.അസ്സോസിയേറ്റ് എഡിറ്ററായി റവ. ഡോ. റിഷികന്താ സൊറോഖൈബം പ്രവർത്തിക്കുന്നു.

*എഡിറ്റർ*

*Touching lives by Teaching...Since 1969*

## ഞങ്ങളുടെ നിയോഗം

**പ്രാചീന അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്ക് മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.**

തമിഴ്, മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, കന്നഡ, മറാത്തി, ബംഗാളി, ആസാമീസ്, പഞ്ചാബി, ഗുജറാത്തി, ഒറിയ, നേപ്പാളി, ഉറുദു, സിംഹളം, ആഫ്രിക്കൻസ് - മാസിക.



**"...നീ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവുപോലെയും ആകും"** (യെശയ്യാവ് 58:11)




യേശുക്രിസ്തുവിന്റെ ഉന്നത നാമത്തിൽ നിങ്ങൾക്ക് ആശംസകൾ.

നിങ്ങൾക്ക് അനുഗ്രഹീതവും സമൃദ്ധവുമായ പുതുവത്സരം നേരുന്നു. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളോടൊപ്പം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഞങ്ങളുടെ അത്ഭുതവാനായ രക്ഷകൻ 2021 ലും നിങ്ങളോടൊപ്പം ഉണ്ടാകും. "തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ" (1 കൊരിന്ത്യർ 1:9). അതിനാൽ പൂർണ്ണഹൃദയത്തോടെ അവനെ സ്തുതിക്കുകയും സേവിക്കുകയും ചെയ്യേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്. "ഞാൻ എനിക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന ജനം എന്റെ സ്തുതിയെ വിവരിക്കും" (യെശയ്യാവ് 43:21).

പകർച്ചവ്യാധിയുടെ ബുദ്ധിമുട്ടുകൾക്കിടയിലും ദൈവം നമ്മുടെ ജീവൻ സംരക്ഷിച്ചു. അതിനാൽ ദൈവത്തോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. കർത്താവായ യേശുക്രിസ്തു ഞങ്ങളുടെ എല്ലാ ആവശ്യങ്ങളെയും നിറവേറ്റിത്തന്നു. ദൈവരാജ്യ വർദ്ധനവിനുവേണ്ടി ചില പുതിയ ശുശ്രൂഷകൾ ആരംഭിക്കുവാൻ കർത്താവ് കൃപ നൽകി. ഞങ്ങളുടെ എല്ലാ ശുശ്രൂഷകളും നടത്തിക്കൊണ്ടുപോകുവാൻ ദൈവകൃപയാൽ സാധിച്ചു. സഭകൾ, ഹൈസ്കൂൾ, വേദപഠന കോളേജുകൾ തുടങ്ങിയവ സർക്കാരിന്റെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി നടന്നുവരുന്നു.

വിളിയുടെ പ്രതിധ്വനിയുടെ 17-ാമത്തെ ഭാഷാപ്രസിദ്ധീകരണമായി മണിപ്പൂരി ഭാഷയിൽ ആരംഭിച്ചിരിക്കുന്നു. ഇന്ത്യയുടെ വടക്കുകിഴക്കു മേഖലയിലെ മണിപ്പൂർ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയാണ് മണിപൂരി. ഞങ്ങളുടെ ശുശ്രൂഷയിലൂടെ സുവിശേഷം മണിപൂരി ഭാഷ സംസാരിക്കുന്ന ജനങ്ങളിലേക്ക് എത്തിക്കുവാൻ അസോസിയേറ്റ് എഡിറ്റർ റവ. ഡോ. റിഷികണ്ഠാ സൊരോഖൈബം മുന്നോട്ടു വന്നതിന് നന്ദി കരേറ്റുന്നു. വിളിയുടെ പ്രതിധ്വനി കുടുംബത്തിലേക്ക് അദ്ദേഹത്തെയും കുടുംബത്തെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

ആദ്യ കാലഘട്ടത്തിൽ വിളിയുടെ പ്രതിധ്വനി പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയപ്പോൾ സർക്കാരിൽ നിന്നും ഇനിയും നാലുഭാഷകളിൽകൂടി വിളിയുടെ പ്രതിധ്വനി പ്രസിദ്ധീകരിക്കുവാൻ അനുമതി തന്നിരുന്നു. കാഷ്മീരി, സിന്ധി, കൊങ്കണി, സംസ്കൃതം എന്നിവയാണ് ആ ഭാഷകൾ.

സാമ്പത്തികമായും മറ്റു പല പ്രയാസങ്ങളും കാരണം ഈ ഭാഷകളിൽ മാസിക പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. ഈ നാലു ഭാഷകളിൽ കൂടി മാസിക പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾ ആത്മാവിൽ ആഗ്രഹിക്കുന്നു. ഇവയുടെ പ്രസിദ്ധീകരണത്തിലൂടെ ഇന്ത്യയുടെ മിക്ക ഭാഷകളിലും യേശുക്രിസ്തുവിന്റെ സത്യസുവിശേഷം എത്തിക്കുവാൻ സാധിക്കും.

ഈ മഹത്തായ ദർശനം നിറവേറ്റുവാനായി അർപ്പണബോധമുള്ള വ്യക്തികളുമായി കരങ്ങൾ കോർത്തുവച്ച് പ്രാർത്ഥിക്കേണം എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമതായി, ഈ ഭാഷകളിലേക്കുള്ള വിവർത്തകരും ഡി.ടി.പി. ഓപ്പറേറ്റർമാരും മുന്നോട്ടു കടന്നു വരേണ്ടതായിട്ടുണ്ട്.

ഒരു വായനക്കാരൻ, പ്രാർത്ഥനാ വീരൻ, പിന്തുണക്കുന്നയാൾ എന്നീ നിലകളിൽ വർഷങ്ങളായുള്ള ബന്ധത്തിലൂടെ നാം കഴിഞ്ഞു വരികയാണല്ലോ. നിങ്ങളുടെ അഭിപ്രായങ്ങളും സഹകരണവും ഈ നാലു ഭാഷകളിലുള്ള പ്രസിദ്ധീകരണത്തിന് ആവശ്യമായിട്ടുണ്ട്. കാഷ്മീരി, സിന്ധി,

**CHIEF EDITORS**
Pastor S. Sam Selva Raj
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M. Phil., B.Ed.

**Head Qrs. CO-ORDINATORS**
Bro. John Rodrigues
Sis. E. Daisy Rani

**ADVISORY BOARD**
Adv. Jose Abraham
Adv. N. Balaji, B.Com., B.L.
Dr. S. Rabinder Boaz, M.S.
Er. C.G.S. Baburao, B.Tech., M.Tech. (DM)
Aud. K. Puratchivendan, M.Com., B.L.
Bro. Rajeswaran Samuel, B.Com.

**PUBLISHER & PRINTER**
Pastor S. SAM SELVA RAJ
**Echo of His Call Printers**
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
**Phone :** (+91-44) 2852 8282
2852 9293, 2854 7766
**Email :** sam@echoofhiscall.org
biblecor@yahoo.co.in
**Websites :**
www.echoofhiscall.org
www.echoofhiscall.com

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · Village English High School · Crusades · 100 Prayer Warriors · Community Development

കൊങ്കണി, സംസ്കൃതം എന്നീ ഭാഷകളിലുള്ളവർക്ക് സുവിശേഷം എത്തിക്കു വാൻ നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ വളരെ ദൂരം പോകുവാൻ സഹായിക്കും.

സുവിശേഷം എത്തിച്ചേരാത്തവരിൽ എത്തിക്കുവാൻ വളരെ പ്രയാസമാണെങ്കിലും ഞങ്ങളുടെ ശുശ്രൂഷയുടെ കാഴ്ചപ്പാടിൽ വെള്ളം ചേർക്കാതെ യേശുക്രിസ്തുവിനെക്കുറിച്ച് അറിയാത്ത ഈ ലോകത്തിലെ അവസാനത്തെ വ്യക്തിയെയും രക്ഷകന്റെ സുവിശേഷം എത്തിക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. "നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കയും ഞാൻ ആകുന്നു എന്നു ഗ്രഹിക്കയും ചെയ്യേണ്ടതിന്നു നിങ്ങൾ എന്റെ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും ആകുന്നു എന്ന് യഹോവയുടെ അരുളപ്പാട്: "എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല. ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. നിങ്ങളുടെ ഇടയിൽ ഒരു അന്യദേവനല്ല, ഞാൻ തന്നേ പ്രസ്താവിക്കയും രക്ഷിക്കയും കേൾപ്പിക്കയും ചെയ്തത്; അതുകൊണ്ട് നിങ്ങൾ എന്റെ സാക്ഷികൾ എന്ന് യഹോവയുടെ അരുളപ്പാട്; ഞാൻ ദൈവം തന്നേ. ഇന്നും ഞാൻ അനന്യൻ തന്നേ; എന്റെ കൈയ്യിൽ നിന്നു വിടുവിക്കുന്നവൻ ആരുമില്ല; ഞാൻ പ്രവർത്തിക്കും; ആർ അതു തടുക്കും. നിങ്ങളുടെ വീണ്ടെടുപ്പുകാരനും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നിങ്ങളുടെ നിമിത്തം ഞാൻ ബാബേലിലേക്കു ആളയച്ചു, അവരെയൊക്കെയും, കല്ദയരെ തന്നെ, ഓടിപ്പോകുന്നവരായി അവർ ഘോഷിച്ചുല്ലസിച്ചിരുന്ന കപ്പലുകളിൽ താഴോട്ട് ഓടുമാറാക്കും. ഞാൻ നിങ്ങളുടെ പരിശുദ്ധനായ യഹോവയും യിസ്രായേലിന്റെ സൃഷ്ടാവും നിങ്ങളുടെ രാജാവും ആകുന്നു. സമുദ്രത്തിൽ വഴിയും പെരുവെള്ളത്തിൽ പാതയും ഉണ്ടാക്കുകയും...." (യെശയ്യാവ് 43:10-16).

ഈ കത്തിനോടുള്ള നിങ്ങളുടെ പ്രതികരണത്തിനായി ഞങ്ങൾ കാത്തിരിക്കുന്നു.

2021 എന്ന ഈ പുതുവർഷത്തിൽ ദൈവം നിങ്ങളെ കൂടുതൽ കൂടുതൽ അനുഗ്രഹിക്കുകയും പുതിയ ശക്തി, ജ്ഞാനം, ദീർഘായുസ്സ് എന്നീ അനുഗ്രഹങ്ങളുമായി മുന്നോട്ടു പോകുവാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യട്ടെ. ഇത് നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥനയാണ്.

കർത്താവിന്റെ സേവനത്തിൽ നിങ്ങളുടെ

**പാസ്റ്റർ. സാം സെൽവരാജ് & അലക്സ് സാംസൺ സാം**

*1-ാം പേജിന്റെ തുടർച്ച...*

യ പള്ളികളിൽ പല രീതിയിലുള്ള സുവിശേഷ പ്രഘോഷണങ്ങൾ ഉണ്ടെങ്കിലും ക്രിസ്തീയ സാക്ഷ്യമുള്ള ജീവിതങ്ങളുടെ അഭാവം പ്രകടമാണ്. ഇതുതന്നെയാണ് ചെറുപ്പക്കാരുടെ ജീവിതം നശിച്ചുപോകാൻ കാരണം.

നിശ്ചയമായും ഇതിന് അപവാദങ്ങളുണ്ട്. ഒരു പ്രത്യേക പട്ടണത്തിൽ ദൈവവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചില യുവ പ്രവർത്തകരെ എനിക്കറിയാം. അവർ ദൈവവചനം പ്രസംഗിക്കുമ്പോൾ ആധികാരികതയോടും ശക്തിയോടും സംസാരിക്കുന്നു. ഇവരുടെ പ്രസംഗത്തിന് ഉദാഹരണമായി ഒരു സാക്ഷ്യവും ദൈവത്തോടു ചേർന്നുള്ള യാത്രയെക്കുറിച്ചും വിവരിക്കുന്നു. ഇവരുടെ കേൾവിക്കാരുടെ ജീവിതത്തിൽ വ്യത്യാസം ഉണ്ടാകാൻ തുടങ്ങുന്നത് കാണാൻ സാധിക്കും.

ഒരു വലിയ കെട്ടിടം പണിയാൻ ചിന്തിച്ചു പദ്ധതിയിട്ടിരുന്ന ഒരു ബാപ്റ്റിസ്റ്റ് പാസ്റ്ററെ എനിക്കറിയാം. അയാളുടെ സഭ അതിവേഗം വളരുവാൻ തുടങ്ങി. അദ്ദേഹം സഭയുടെ വളർച്ചാനിരക്കിനെക്കുറിച്ച് പഠിക്കുവാനാരംഭിച്ചു. തന്റെ ഭാര്യയെ പ്രാർത്ഥിക്കാനും ദൈവത്തെ അന്വേഷിക്കാനും പ്രേരിപ്പിച്ചിട്ട് അദ്ദേഹം പഴയ പരിപാടി തന്നെ തുടർന്നു. പിന്നീട് അദ്ദേഹം തന്റെ സ്വപ്നമെല്ലാം ഉപേക്ഷിച്ച് ദൈവത്തിന്റെ സാക്ഷിയായിത്തീർന്നു.

ഈ അടുത്തകാലത്ത് ഈ പാസ്റ്റർ തന്റെ സഭയുടെ മുമ്പിൽ ഒരു വലിയ സ്ക്രീൻ സ്ഥാപിച്ചു. തന്റെ സഭാജനങ്ങളോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഈ സഭയിലെ ജനങ്ങളുടെ പാപങ്ങളെക്കുറിച്ച് ദൈവാത്മാവ് എന്നോട് സംസാരിക്കുന്നു. അതെല്ലാം വിശദമായി നമുക്ക് നമ്മുടെ കണ്ണിന്റെ മുമ്പിൽ കാണാൻ സാധിക്കും".

വ്യഭിചാരം, പരസ്ത്രീഗമനം, മയക്കുമരുന്ന്, മദ്യപാനം, അശ്ലീലസാഹിത്യം തുടങ്ങിയ പാപങ്ങളെ തിരശ്ശീലയിൽ കാണിച്ചു. എന്നിട്ട് പ്രഭാഷണം ആരംഭിച്ചു. നാം ഇപ്പോൾ വലിയ സഭ പണിയുവാൻ തുടങ്ങുന്നില്ല. മറ്റെന്തെങ്കിലും ചെയ്യുന്നതിനുമുമ്പ് ക്രിസ്തുവിന്റെ ജീവനുള്ള കൂടാരങ്ങൾ നേരെയാക്കുവാനുണ്ട്. നാം ആദ്യം ഈ സുവിശേഷത്തിനായി ജീവിക്കണം.

ഇന്ന് ദൈവത്തിന്റെ ആത്മാവ് ഈ സഭയിൽ ശക്തിയായി പ്രവർത്തിക്കുന്നു. തങ്ങളുടെ ജീവിതങ്ങൾ നേരെയാക്കുവാൻ ജനങ്ങൾ ദൈവസന്നിധിയിലേക്ക് ഒഴുകുന്നു. കാരണം, അവർ സാക്ഷ്യങ്ങളുടെ പിൻ ബലത്തോടെയാണ് സുവിശേഷം ശ്രവിക്കുന്നത്.

സഭകളുടെ വളർച്ചയ്ക്കുവേണ്ടി പ്രായഭേദമെന്യേ ലോകം മുഴുവനും സഞ്ചരിക്കുന്ന ശുശ്രൂഷകരെ കാണുമ്പോൾ ഞാൻ അതിശയിക്കുകയാണ്. ഇന്ന് അനേകം സുവിശേഷ പ്രവർത്തകർ കൺവെൻഷനുകളിലും സെമിനാറുകളിലും പങ്കെടുക്കുന്നു. വലിയ സഭകൾ പണിയുവാനായി യുവാക്കളായ ശുശ്രൂഷകർ പല രീതിയിൽ പ്രവർത്തിക്കുന്നു. മറ്റുള്ളവർ ഉണർവ്വിനായി കാംക്ഷിച്ചുകൊണ്ട് എങ്ങനെ പരിശുദ്ധാത്മാവിന്റെ അഭിഷേകം സഭാജനങ്ങൾക്ക് ലഭ്യമാക്കണം എന്ന് ആലോചിച്ച് പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു.

ഇപ്പോൾ മിഷണറി പ്രസ്ഥാനങ്ങൾ കൂടുതൽ പ്രവർത്തകരെ ലോകമെമ്പാടും അയയ്ക്കുന്നു. മിഷൻ വയലേലകളിലേക്ക് കൂടുതൽ പ്രവർത്തകരെ ആവശ്യമുണ്ട് എന്നും അനേകം അഭ്യസ്തവിദ്യരായ പുരുഷന്മാരെയും സ്ത്രീകളെയും പ്രവർത്തനത്തിനായി ആവശ്യമുണ്ട് എന്ന് കണ്ട് അതിനുവേണ്ടി പ്രവർത്തിക്കുന്നു.

പക്ഷെ ഇങ്ങനെ അയക്കപ്പെടുന്ന അനേകം മിഷണറിമാരും ചില വർഷങ്ങൾക്കു ശേഷം ഭവനങ്ങളിലേക്ക് മടങ്ങിവരുന്നു. ഇവർ പ്രവർത്തിച്ചുകൊണ്ടിരുന്ന രാജ്യങ്ങ

***വിളിയുടെ പ്രതിധ്വനി വരിക്കാരുടെ വരിസംഖ്യകൊണ്ടും നിങ്ങളെപ്പോലെയുള്ള നല്ല സുഹൃത്തുക്കളുടെ സഹായംകൊണ്ടുമാണ് ഈ ശുശ്രൂഷയെ ദൈവം നടത്തിക്കൊണ്ടിരിക്കുന്നത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2 കൊരിന്ത്യർ 9:7). ബലഹീനന്മാരെ നേടേണ്ടതിന് ഞാൻ ബലഹീനർക്കു ബലഹീനനായി.... എല്ലാമായിത്തീർന്നു (1 കൊരിന്ത്യർ 9:22)***

ളിൽ അവരെ തല്ലുകയും നിരുത്സാഹപ്പെടുത്തുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ട്? അവരുടെ ജീവിതചര്യകൾ അവർ പ്രസംഗിക്കുന്ന സുവിശേഷവുമായി ഒത്തു പോകാത്തതുകൊണ്ടാണ്. ക്രിസ്തുവിന്റെ ദൈവീകതയോ പരിശുദ്ധാത്മാവിന്റെ പൂർണ്ണതയെക്കുറിച്ചോ അവർക്ക് വ്യക്തമായ അറിവില്ലായിരുന്നു.

ക്രിസ്തുവിനുവേണ്ടി രാജ്യങ്ങളെ നേടുവാൻ കേവലം തന്ത്രങ്ങളു ആശയങ്ങളും മാത്രം പോര. നമ്മുടെ ജീവിതങ്ങളിലെ എല്ലാ മേഖലയിലും യേശുക്രിസ്തു ഇല്ലെങ്കിൽ നമ്മുടെ പ്രവർത്തനങ്ങളെല്ലാം പരാജയപ്പെടുകതന്നെ ചെയ്യും.

**അന്തിക്രിസ്തുവിന്റെ ശക്തികൾ ശക്തിയാർജ്ജിക്കുന്ന കാലഘട്ടമാണ് ഇന്ന് എന്നത് വലിയ ദുരന്തമാണ്.**

നരകത്തിന്റെ ഉള്ളിൽ നിന്നും പൊട്ടി പുറത്തുവരുന്ന പൈശാചിക ആത്മാക്കളുടെ തിരക്ക് ചരിത്രത്തിൽ ഒരിടത്തും ഇത്രത്തോളം ശക്തിപ്രാപിച്ചിരുന്നിട്ടില്ല എന്നു നമുക്ക് കാണുവാൻ സാധിക്കും. രാജ്യം രാജ്യങ്ങളോട് എതിർക്കുകയും നിയമരാഹിത്യം ഭൂമിയെ മൂടുകയും ചെയ്യുന്നു. വിശുദ്ധന്മാർക്കെതിരെ സാത്താൻ പൈശാചിക സംഘത്തെ കെട്ടഴിച്ചു വിട്ടതിന്റെ പരിണിതഫലമാണ് ഈ ശാപം.

നമ്മുടെ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെ ദൈവം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. മയക്കുമരുന്നിന്റെ വ്യാപക ഉപയോഗമോ ഗർഭഛിദ്രമോകൊണ്ട് അവൻ ആശ്ചര്യഭരിതനാകുന്നില്ല. ഇങ്ങനെയുള്ള അധാർമ്മികതയോടുള്ള ദൈവത്തിന്റെ പ്രതികരണം എന്താണ്? വിശ്വാസത്യാഗത്തിനും വളർന്നുവരുന്ന പൈശാചികശക്തിക്കും മറുമരുന്നായി ദൈവം എന്താണ് നിർദ്ദേശിക്കുന്നത്? ഇത്തരത്തിലുള്ള നാശത്തിന്റെ സമയത്ത് ദൈവം എന്തു ചെയ്യും എന്നാണ് കരുതുന്നത്?

ദൈവം പ്രവർത്തിക്കുന്ന രീതി ഇതാണ്. ക്രിസ്തുവിന്റെ വിജയം ഒരു പുതിയ രീതിയിൽ കൊണ്ടുവരിക. തന്റെ രക്ഷയെയും വിശുദ്ധീകരണത്തിന്റെയും സാക്ഷ്യം കാത്തു സൂക്ഷിക്കുന്ന പുതിയ വിശ്വാസികളെ രംഗത്തിറക്കി ദൈവത്തിനുവേണ്ടി പ്രവർത്തിക്കുക. ഇതാണ് ശരിയായിട്ടുള്ള രീതി. ദൈവഹിതത്തിനു വഴങ്ങിക്കൊടുക്കുന്ന സാക്ഷ്യമുള്ള പുതിയപ്രവർത്തകരെ അന്തിക്രിസ്തുവിന്റെ പ്രവർത്തനത്തിനെതിരെ നിറുത്തി പ്രവർത്തിക്കുകയും വിജയിക്കുകയും ചെയ്യുക.

**ഈ രീതി ബൈബിളിലുടനീളം നാം കാണുന്നു.**

മിസ്രയീമിൽ യിസ്രായേല്യരുടെ കഷ്ടതയെക്കുറിച്ച് ചിന്തിക്കുവിൻ. വ്യാപകമായ യതോതിലുള്ള വിശ്വാസ ത്യാഗത്തിലൂടെ ദൈവത്തിന്റെ രാജ്യം അവസ്വസനീയമായ രീതിയിൽ നാശത്തിലായിരുന്നു. യിസ്രായേലിനെ സാത്താൻ തന്റെ കാല്ക്കീഴാക്കി, രാഷ്ട്രീയ ശക്തികൾ അവർക്കെതിരെ നിയമങ്ങൾ ഉണ്ടാക്കുകയും പീഡിപ്പിക്കുകയും ചെയ്തു. ശത്രു ദൈവത്തിന്റെ ഭൂമിയിലെ സാക്ഷ്യത്തെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്തു.

അത് യിസ്രായേലിന്റെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായിരുന്നു. കാലക്രമേണ ജനങ്ങൾ നിരുത്സാഹത്തിലായി, അവർ മിസ്രയീമിലെ സുഖലോലുപതയിലും വിനോദത്തിലും മുഴുകി. വിഗ്രഹാരാധനയും പരസംഗവും വ്യാപകമായി. യിസ്രായേലിന്റെ സ്ഥിതി പരിതാപകരമായി. വിശ്വാസം പതിയെ മരിച്ചുകൊണ്ടിരുന്നു.

വർദ്ധിച്ചുവരുന്ന അന്ധകാരത്തിന്റെ ശക്തികളോടുള്ള ദൈവത്തിന്റെ പ്രതികരണം എന്തായിരുന്നു? മിസ്രയീമിനെ അടിക്കുവാനുള്ള വടിയായി ചുറ്റുമുള്ള രാഷ്ട്രങ്ങളെ ഉപയോഗിച്ചുവോ? മിസ്രയീമ്യരുടെ ഇടയിൽ ആഭ്യന്തരയുദ്ധം ചെയ്യുവാൻ പ്രേരിപ്പിച്ചുവോ? അവൻ പ്രതികാര ദൂതനെ അയച്ചുവോ? ഇല്ല, ദൈവം ഇങ്ങനെയൊന്നും ചെയ്തില്ല. പകരമായി ഒരു വ്യക്തിയെ, മോശെയെ ഉയർത്തിക്കൊണ്ടുവന്നു.

ദൈവവുമായി ചേർന്നു ജീവിക്കുന്ന ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു മോശെ. മിസ്രയീമിലെ ആനന്ദത്തെയും പ്രലോഭനങ്ങൾ എന്നിവയെ വേണ്ട എന്നു പറഞ്ഞ് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ജീവിക്കുന്നയാളായിരുന്നു മോശെ. അവന് സ്വയമായി കാര്യപരിപാടികളോ ആഗ്രഹങ്ങളോ ഇല്ലായിരുന്നു. ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ച് സാക്ഷ്യമുള്ളവനായിരുന്നു മോശെ.

യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും കറുത്ത അദ്ധ്യായത്തിന്റെ സമയത്തിൽ, ദൈവജനം ശത്രുവിന് കീഴടങ്ങേണ്ടിവരുമെന്ന തോന്നലുണ്ടായപ്പോൾ ഒരു മനുഷ്യനെ ദൈവം സാക്ഷ്യത്തോടെ ഉയർത്തി. ഈ ഒറ്റമനുഷ്യനെ ഈ വലിയ യിസ്രായേൽ ജനതയെ വിജയത്തിലേക്ക് നയിക്കാൻ ദൈവം പ്രാപ്തനാക്കി.

**ഇതേ പദ്ധതി ശമുവേലിലും ഉള്ളതായി നാം കാണുന്നു.**

വിശ്വാസത്യാഗത്തിന്റെയും അധാർമ്മികതയുടെയും പിന്മാറ്റത്തിന്റെയും മറ്റൊരു തലമുറയെ ഇവിടെ നാം കാണുന്നു. ആ സമയത്ത് പെട്ടകം യിസ്രായേലില്ലായിരുന്നു.

മഹാപുരോഹിതനായ ഏലി അലസനും സംതൃപ്തനുമായിരുന്നു. തന്റെ മക്കൾ പൗരോഹിത്യത്തെ ദുർബലപ്പെടുത്തുന്നത് അവൻ അറിഞ്ഞിട്ടും അതിനെതിരായി പ്രതികരിച്ചില്ല. അവരുടെ നേതൃത്വത്തിൽ വ്യഭിചാ രവും പരസംഗവും ആരാധനാസ്ഥലത്ത് വ്യാപകമായിരുന്നു. എന്നാൽ ഏലി തന്റെ അനായാസ ജീവിതവുമായി പൊരുത്തപ്പെട്ടുപോയതിനാൽ മക്കളുടെ ദുഷ്പ്രവൃത്തികളെ തടയാൻ അവൻ ഒന്നും ചെയ്തില്ല.

ഒരു ഘട്ടത്തിൽ കർത്താവിന്റെ ആത്മാവ് നഷ്ടപ്പെട്ടു പോയിരിക്കുന്നു എന്ന് എല്ലാ മതപരമായ വ്യവസ്ഥകളുടെയും മുകളിൽ കർത്താവ് എഴുതി. ഒരിക്കൽ കൂടി സാത്താന്യശക്തികൾ വൻ ശക്തിയായി മാറി. നഗ്നനേത്രങ്ങൾക്ക് ദൈവീക പ്രവർത്തനങ്ങൾ നഷ്ടപ്പെട്ടുപോയി എന്നും വീണ്ടെടുക്കൽ അസാദ്ധ്യമാണെന്നും തോന്നി.

പക്ഷെ ദൈവത്തിന് പ്രവർത്തിക്കാൻ ഒരു ചെറിയ കുട്ടിയുണ്ടായിരുന്നു. അവനായിരുന്നു ശമൂവേൽ. മറ്റുള്ള ശുശ്രൂഷകരെല്ലാം അതിഭക്ഷണത്തിലും വ്യഭിചാരത്തിലും മുഴുകിയിരുന്നപ്പോൾ ശമുവേൽ ദൈവശബ്ദം ശ്രവിക്കുവാൻ അഭ്യയിക്കുകയായിരുന്നു. ദൈവത്തോട് കൂടുതൽ കൂടുതൽ അടുത്തപ്പോൾ ശമുവേൽ പരിശുദ്ധ്ത്മാവ് നിറഞ്ഞവനായി പ്രവചന അഭിഷേകം കൊണ്ടു നിറഞ്ഞു. അവൻ ദൈവീകശക്തിയുടെ ജീവിക്കുന്ന സാക്ഷ്യമായി രൂപാന്തരപ്പെട്ടു.

ശമൂവേൽ വളർന്നു വന്നപ്പോൾ അവന്റെ ഒരു വാക്കുപോലും പാഴായിപ്പോയില്ല എന്നു തിരുവെഴുത്ത് പറയുന്നു. അവൻ ശക്തിയോടും അധികാരത്തോടും സംസാരിച്ചു. ശമുവേലിനോടൊപ്പം ദൈവീകമായ അധികാരം ഉണ്ടായിരുന്നതിനാൽ നാല്പതു വർഷത്തിലേറെ യിസ്രായേലിനെതിരെ ഒരു രാജ്യവും പ്രാബല്യം പ്രാപിക്കുവാൻ ദൈവം അനുവദിച്ചില്ല.

ദൈവം ഒരിക്കൽകൂടി ഒരു മനുഷ്യനെ ഒരു രാഷ്ട്രത്തിനു സാക്ഷ്യമായി വളർത്തിക്കൊണ്ടു വന്നു. ദൈവത്തിന് സൈന്യമോ, മാനുഷികമായ സംഘടനകളോ മറ്റു പുതിയ

*6-ാം പേജിൽ തുടരും...*

# പരമനിയോഗദൗത്യ പങ്കാളികൾ

## പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13)

## വേഗത കൂടുതൽ (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!

### സ്തോത്രത്തിനായി

**ജനുവരി 19** : ദൈവം ഞങ്ങളുടെ പുതുവർഷ രാത്രി ആരാധന അനുഗ്രഹിച്ചു.

**ജനുവരി 20** : മുഖ്യസഭയിലെ ഡിസംബർ മാസത്തെ എല്ലാ പരിപാടികളെയും ദൈവം അനുഗ്രഹിച്ചു.

**ജനുവരി 21** : നമ്മുടെ 16 ഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾക്കായും, അവ അച്ചടിച്ച നമ്മുടെ പ്രിന്റിംഗ് പ്രസ്സിനായും മിഷൻ ഫീൽഡുകളിൽ അവ എത്തിച്ചതിനായും.

**ജനുവരി 22** : മണിപ്പൂരി ഭാഷയിൽ **വിളിയുടെ പ്രതിധ്വനി** മാസിക പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു.

**ജനുവരി 23** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ ഓൺലൈൻ ക്ലാസ്സുകൾ ദൈവം അനുഗ്രഹിച്ചു.

**ജനുവരി 24** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ അദ്ധ്യാപകർക്കായി.

**ജനുവരി 25** : വേദപുസ്തക കറസ്പോണ്ടൻസ് കോഴ്സ് ബൈബിൾ കോറിനായും തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾക്കായും.

**ജനുവരി 26** : നമ്മുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി.

**ജനുവരി 27** : **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ മറ്റു ഭാഷകളിലും കൂടെ വ്യാപിപ്പിക്കുവാൻ ദൈവം തന്ന കാഴ്ചപ്പാടിനായി.

**ജനുവരി 28** : **വിളിയുടെ പ്രതിധ്വനി**യുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, ഗ്രേറ്റ് കമ്മീഷൻ പങ്കാളികൾ എന്നിവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

**ജനുവരി 29** : നമ്മുടെ ബൈബിൾ കോളേജിന്റെ ആരംഭത്തിനായി.

**ജനുവരി 30** : എല്ലാ മിഷൻ യാത്രകളെയും ദൈവം അനുഗ്രഹിച്ചതിനായി.

**ജനുവരി 31** : എല്ലാ സംസ്ഥാന കോഡിനേറ്റർമാർക്കായും.

**ഫെബ്രുവരി 01** : കഴിഞ്ഞ മാസത്തെ **വിളിയുടെ പ്രതിധ്വനി**യുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 02** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സംരക്ഷിച്ചതിനായി.

**ഫെബ്രുവരി 03** : കഴിഞ്ഞ മാസം പുതിയ ആത്മാക്കൾ സഭയിൽ കടന്നു വന്നതിനായി.

### പ്രാർത്ഥനയ്ക്കായി

**ഫെബ്രുവരി 04** : **വിളിയുടെ പ്രതിധ്വനി**യുടെ 2021 ലെ എല്ലാ സാമ്പത്തിക ആവശ്യങ്ങളും ദൈവം നിറവേറ്റേണ്ടതിനായി.

**ഫെബ്രുവരി 05** : 2020 ൽ മിഷൻ ഫീൽഡുകൾ സന്ദർശിച്ച ഞങ്ങളുടെ സുഹൃത്തുക്കൾ അനുഗ്രഹിക്കപ്പെടുവാനിയി.

**ഫെബ്രുവരി 06** : 2021ൽ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ വായനക്കാരും അനുഗ്രഹിക്കപ്പെടുവാൻ.

**ഫെബ്രുവരി 07** : ഇംഗ്ലീഷ് അസോസിയേറ്റ് എഡിറ്റർ ബ്ര. പോൾരാജിന്റെ പരിപൂർണ്ണ സൗഖ്യത്തിനായി.

**ഫെബ്രുവരി 08** : മണിപൂരി ഭാഷയിലെ **വിളിയുടെ പ്രതിധ്വനി**യുടെ അസോസിയേറ്റ് എഡിറ്റർ റവ. ഡോ. റിഷികന്താ സൊറോബൈബത്തിനായി.

**ഫെബ്രുവരി 09** : മയക്കുമരുന്നിൽ നിന്നും ജനങ്ങൾ വിടുവിക്കപ്പെടുവാൻ.

**ഫെബ്രുവരി 10** : ഒറ്റപ്പെട്ട പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാരെ ദൈവം സംരക്ഷിക്കുവാനായി.

**ഫെബ്രുവരി 11** : വടക്കെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന മിഷണറിമാരുടെ സംരക്ഷണത്തിനായും ദൈവീക നടത്തിപ്പിനായും.

**ഫെബ്രുവരി 12** : എല്ലാ രാജ്യങ്ങളും കൊറോണയിൽനിന്നും വിടുതൽ പ്രാപിക്കുവാൻ.

**ഫെബ്രുവരി 13** : സുവിശേഷ അച്ചടിശാലയുടെ ദൈവീക അനുഗ്രഹത്തിനായി.

**ഫെബ്രുവരി 14** : സഭാവിഭാഗങ്ങളിലെ വിശ്വാസികൾ തമ്മിൽതമ്മിൽ സ്നേഹിക്കുവാൻ.

**ഫെബ്രുവരി 15** : എല്ലാ രാജ്യങ്ങളുടെയും അതിർത്തികളിൽ സമാധാനം ഉണ്ടാകുവാൻ.

**ഫെബ്രുവരി 16** : 2021 ൽ നമ്മുടെ സ്ഥാപനങ്ങളിലെ ജീവനക്കാർ അനുഗ്രഹിക്കപ്പെടുവാൻ.

**ഫെബ്രുവരി 17** : ലോകം മുഴുവനുമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും, നേതാക്കളും ദൈവത്തെ അറിയുവാൻ.

**ഫെബ്രുവരി 18** : ദുഷ്ടശക്തികളിൽനിന്നും പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം തുടർന്നും സംരക്ഷിക്കുവാൻ.

...4-ാം പേജിന്റെ തുടർച്ച

കാര്യങ്ങളോ ആവശ്യമില്ലായിരുന്നു. അവന് ആവശ്യമായിരുന്നത് നീതിമാനായ ഒരു മനുഷ്യനെയായിരുന്നു. തന്റെ ശുശ്രൂഷകളെല്ലാം ദൈവത്തിന്റെ പരിശുദ്ധവഴികളിൽ സമർപ്പിച്ച ഒരുവൻ!

**നെഹെമ്യാവിന്റെ കാലത്തും ഇതേ രീതി നാം കാണുന്നു**

നെഹെമ്യാവിന്റെ കാലഘട്ടത്തിൽ യെരുശലേമിന്റെ മതിലുകൾ ഇടിഞ്ഞ് കൽക്കൂമ്പാരത്തിന്റെ നഗരമായി തകർന്നു പോയിരുന്നു. സാക്ഷ്യമുള്ള ഒരാൾപോലുമില്ലാതെ സഭകൾ പിന്മാറ്റത്തിലായിപ്പോയി. യിസ്രായേലേനെ ചുറ്റിയിരുന്ന ദുഷ്ടശക്തികൾ അവരെ കഠിനമായി ഉപദ്രവിക്കുകയും അവർ ഏറ്റെടുക്കാൻ ശ്രമിച്ച എല്ലാ പ്രവൃത്തികളെയും പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഇങ്ങനെയുള്ള തകർച്ചയുടെ സമയം ദൈവം എങ്ങനെയാണ് പ്രതികരിച്ചത്? ശൂശൻ രാജധാനിയിൽ നിന്നും പരിശീലനം ലഭിച്ച പട്ടാളക്കാരെ ദൈവം അയച്ചുവോ? കൊട്ടാരം കാവൽക്കാരനെ അവർക്കെതിരെ അയച്ചുവോ? ഇല്ല, ദൈവം ഒരിക്കൽകൂടി ഒരു സാക്ഷ്യമുള്ള മനുഷ്യനെ വളർത്തിയെടുത്തു. അതാണ് നെഹെമ്യാവ്.

ഹൃദയത്തിൽ ദൈവഭാരമുള്ളവനായിരുന്നു നെഹെമ്യാവ്. യിസ്രായേലിന്റെ പരിതാപകരമായ അവസ്ഥയെ ഓർത്ത് നെഹെമ്യാവ് ഭാരപ്പെട്ട് പ്രാർത്ഥനയോടെയും ഉപവാസത്തോടെയും വിലാപത്തോടെയുമായിരുന്നു. അവൻ ദൈവവചനത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്ന് പ്രവചനം ഗ്രഹിക്കുകയും ആത്മാവിൽ ചലിക്കുകയും ചെയ്തു.

അർത്ഥഹ്ശഷ്ടാ രാജാവിന്റെ പാനപാത്രവാഹകനായിരുന്ന നെഹെമ്യാവ്. അവന്റെ ചുറ്റുമുള്ള ദുഷ്ടതകളിൽ നിന്നും വേറിട്ട് മാറി ജീവിച്ചു. സുഖലോലുപതയുടെയും നശ്വരതയുടെയും ദൈവരാഹിത്യത്തിന്റെയും മദ്ധ്യേ അവൻ ദൈവത്തോടൊപ്പം നടക്കുവാൻ ശീലിച്ചു. ആയതിനാൽ അവൻ പ്രസംഗിക്കുന്നതു ശ്രവിച്ച എല്ലാവരും ആത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടു.

യിസ്രായേലിൽ പെട്ടെന്ന് ഒരു ഉണർവ്വ് സംഭവിച്ചു. പുരോഹിതന്മാരും ലേവ്യരും തങ്ങളെത്തന്നെ ശുദ്ധീകരിച്ചിട്ട് ജനത്തെയും വാതിലുകളെയും മതിലിനെയും ശുദ്ധീകരിച്ചു (നെഹെമ്യാവ് 12:30). യെരുശലേം ദേവാലയവും ശുദ്ധീകരിക്കപ്പെട്ടു. ആലയത്തിൽ നിന്നും എല്ലാ മാലിന്യങ്ങളും നീക്കണം. വിഗ്രഹാരാധനയും ഇന്ദ്രിയതയുമായി ബന്ധപ്പെട്ട എല്ലാം മാറ്റി പുറത്തെടുത്ത് കത്തിച്ചുകളക എന്ന് പറഞ്ഞ് നെഹെമ്യാവ് പണിക്കാരെ ആലയത്തിലേക്ക് അയച്ചു.

പ്രിയമുള്ളവരേ, ഇതാണ് ഉണർവ്വിനെക്കുറിച്ചുള്ള ദൈവീകമായ ആശയം. വിശുദ്ധമല്ലാത്തതും ശുദ്ധിയില്ലാത്തതുമായ എല്ലാം നമ്മുടെ ഹൃദയത്തിൽ നിന്നും തുടച്ചു നീക്കുക. ഇരുട്ട് നിറഞ്ഞ ഒരു ഭാഗവും കാണുവാൻ പാടില്ല.

ആലയം ശുദ്ധീകരിക്കാനുള്ള ആത്മീയ ഉത്തരവാദിത്തം നെഹെമ്യാവിന് ആരാണ് നല്കിയത്? രാജാവ് അത് നൽകിയില്ല. ഒരു സഭയോ ബിഷപ്പോ നൽകിയില്ല. വേദപാഠ വിദ്യാലയങ്ങളിൽ നിന്നും പഠിച്ചിട്ടുമില്ല.

മുട്ടിന്മേൽ നിന്ന് കരഞ്ഞും തകർന്നും, ദൈവത്തിന്റെ ഹൃദയം അറിയുവാനായുള്ള പ്രാർത്ഥനയിലൂടെയാണ് അവന് ഈ അധികാരം ലഭിച്ചത്. അവൻ ഒരു പ്രാർത്ഥനാ മനുഷ്യനായതിനാൽ രാജ്യത്തിന്റെ മുഴുവനായുള്ള പാപങ്ങൾ ഏറ്റുപറയുവാൻ സാധിച്ചു. “നിന്റെ ദാസന്മാരായ യിസ്രായേൽ മക്കൾക്കുവേണ്ടി രാവും പകലും നിന്റെ മുമ്പാകെ പ്രാർത്ഥിക്കയും യിസ്രായേൽ മക്കളായ ഞങ്ങൾ നിന്നോടു ചെയ്തിരിക്കുന്ന പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്ന അടിയന്റെ പ്രാർത്ഥന കേൾക്കേണ്ടതിനു നിന്റെ ചെവി ശ്രദ്ധിച്ചും നിന്റെ കണ്ണ് തുറന്നും ഇരിക്കേണമേ; ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരിക്കുന്നു. ഞങ്ങൾ നിന്നോടു ഏറ്റവും വഷളത്വമായി പ്രവർത്തിച്ചിരിക്കുന്നു; നിന്റെ ദാസനായ മോശെയോടു നീ കല്പിച്ച കല്പനകളും ചട്ടങ്ങളും വിധികളും ഞങ്ങൾ പ്രമാണിച്ചിട്ടുമില്ല” (നെഹെമ്യാവ് 1:6,7).

**യെഹെസ്ക്കേലിന്റെ കാലത്ത് വിശ്വാസത്യാഗത്തെക്കുറിച്ചും പിന്മാറ്റത്തെക്കുറിച്ചും ഞെട്ടിക്കുന്ന വിവരണമുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ദൈവം അവന്റെ സാക്ഷിയായി!**

യെഹെസ്ക്കേലിന്റെ കാലഘട്ടത്തിലെ യിസ്രായേൽ ഒരേസമയം ദുർന്നടപ്പുനിറഞ്ഞതും അഭിമാനിക്കാവുന്നതും ആയിരുന്നു. പുരുഷന്മാർ അയൽവാസികളുടെ ഭാര്യമാരുമായും അവിശുദ്ധ ബന്ധം ഉണ്ടാകുകയും മരുമകളുമായി മലിനത പ്രവർത്തിക്കുകയും ചെയ്തു. ഒരിക്കൽ വിശുദ്ധജീവിതം നയിച്ചിരുന്ന പ്രവാചകന്മാർ പിന്മാറ്റത്തിലാകുകയും പണക്കൊതിയന്മാരായി വിശുദ്ധനും അശുദ്ധനും തമ്മിൽ വിവേചിക്കാതെ പ്രവർത്തിക്കുകയും ചെയ്തു. രാജ്യത്തിന്റെ നേതാക്കളാണെങ്കിൽ ആർത്തിപൂണ്ട ചെന്നായ്ക്കളുമായി സത്യമില്ലാത്ത നേട്ടങ്ങൾ

## വിളിയുടെ പ്രതിധ്വനി പങ്കാളികൾ

വിളിയുടെ പ്രതിധ്വനിയുടെ വിവിധ ശുശ്രൂഷകൾ താഴെ പറയുന്ന പങ്കാളികളുടെ ശ്രദ്ധയോടുകൂടിയ പങ്കാളിത്തത്തോടെ നടന്നുവരുന്നു.

1. **പ്രാർത്ഥനാ പങ്കാളികൾ** – ക്രമമായി വിളിയുടെ പ്രതിധ്വനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന വ്യക്തികൾ. കൂടാതെ പ്രത്യേക പ്രാർത്ഥനകളും സംഘടിപ്പിക്കുന്നവർ
2. **വരിക്കാരായ പങ്കാളികൾ** – വാർഷിക വരിസംഖ്യ കൃത്യമായി തന്ന് പ്രസിദ്ധീകരണങ്ങളുടെ വരിക്കാരായവർ.
3. **ജീവിത പങ്കാളികൾ** – 2000/– രൂപയോ അതിനു മുകളിലോ സഹായധനമായി ഒരു തവണ നൽകുന്നവർ.
4. **വിശ്വാസപങ്കാളികൾ** – വിളിയുടെ പ്രതിധ്വനിയുടെ പ്രവർത്തനങ്ങൾക്കായി മാസംതോറും സംഭാവന നൽകുന്നവർ.
5. **ഗ്രേറ്റ് കമ്മിഷൻ പങ്കാളികൾ** – സഭാവിഭാഗ വ്യത്യാസമില്ലാതെ സഭകളിലും മിഷണറിയായും ദൈവവേല ചെയ്യുന്ന വ്യക്തികൾ. ഉദ്ദേശം **പങ്കിടുക** (ഗലാത്യർ 6:2), **പിന്തുണ** (റോമർ 12:13), **വേഗത കൂട്ടുക** (2 തിമൊഥെയോസ് 1:6).

ഇതിൽ ഏതെങ്കിലും ഒന്നിൽ ചേർന്നു പ്രവർത്തിക്കുവാൻ ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കും.

**പാസ്റ്റർ സാം സെൽവരാജ്**
9841271858/9841071858

ക്കു പിന്നാലെയും, രക്തം ചൊരിക്കുകയും, കള്ളം പറയുകയും,ദരിദ്രരെ ഉപദ്രവിക്കുകയും ചെയ്തു. ഇവയെല്ലാം നമ്മുടെ കാലഘട്ടത്തിൽ സംഭവിക്കുന്നതുപോലെയായിരുന്നു.

ദൈവത്തിന്റെ വഴികളെ യിസ്രായേൽ മറന്നുപോയതിനാൽ കർത്താവ് അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "യിസ്രായേലിന്റെ ഭവനം മലിനമായിത്തീർന്നിരിക്കുന്നു". രാഷ്ട്രം വളരെ ദുർബ്ബലവും ശക്തിയില്ലാത്തതും ആയിരിക്കുന്നു. ദൈവം അവരെ മറ്റുള്ളവർക്കു ചിരിക്കാനുള്ള വകയാക്കിത്തീർത്തിരിക്കുന്നു. ".....ഞാൻ നിന്നെ ജാതികൾക്കു നിന്ദയും സകല ദേശങ്ങൾക്കും പരിഹാരവിഷയവും ആക്കിയിരിക്കുന്നു" (യെഹെസ്ക്കേൽ 22:4).

ഇത് എന്തു ഗുരുതരമായ കുറ്റാരോപണമാണ്? നിങ്ങൾ വിശുദ്ധ കാര്യങ്ങളെ നിന്ദിച്ചു, ജഡാഭിലാഷങ്ങൾക്കുവേണ്ടി പൂർണ്ണമായും സമർപ്പിക്കുകയും ചെയ്തതിനാൽ നിങ്ങളുടെ സാക്ഷ്യം ഞാൻ എടുത്തു കളയുവാൻ പോകുന്നു എന്ന് ദൈവം യിസ്രായേലിനോട് പറഞ്ഞു.

ഈ സമയം യെഹെസ്ക്കേൽ വയസ്സു ചെന്ന് വൃദ്ധനായി, ജീവിത കാലഘട്ടം കഴിയാറായിരുന്നു. അതിനാൽ ദൈവം ഈ സാഹചര്യത്തെ എങ്ങനെയാണ് കൈകാര്യം ചെയ്തത്? "ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും" എന്ന് ദൈവം യെഹെസ്ക്കേലിനോട് പറഞ്ഞു. (യെഹെസ്ക്കേൽ 22:30).

ദൈവത്തിന് വിശുദ്ധനായ ഒരുവനെ കാണാൻ കഴിയുമോ? എന്ന വിഷയത്തിന്മേൽ യിസ്രായേലിന്റെ വിധി ആയിരിക്കുന്നു എന്നതിനെക്കുറിച്ച് ചിന്തിച്ചു നോക്കുവിൻ! എന്നിട്ടും ദൈവം യെഹെസ്ക്കേലിനോട് ഇങ്ങനെ ചോദിച്ചു: "ഞാൻ ദേശത്തെ ...... ഒരു പുരുഷനെ ഞാൻ അവരുടെ നടപ്പിനു തക്കവണ്ണം ഞാൻ അവർക്കു പകരം കൊടുത്തിരിക്കുന്നു...." (യെഹെസ്ക്കേൽ 22:30).

ദൈവം യിരെമ്യാ പ്രവാചകനോടും ഇതുപോലെ തന്നെ പറഞ്ഞു. "ന്യായം പ്രവർത്തിക്കയും വിശ്വസ്തത കാണിക്കുകയും ചെയ്യുന്നവൻ ഉണ്ടോ? ഒരുത്തനെ കാണുമോ എന്ന് യെരുശലേമിന്റെ വീഥികളിൽ ചുറ്റിനടന്ന് അന്വേഷിക്കുകയും അതിന്റെ വിശാല സ്ഥലങ്ങളിൽ തിരഞ്ഞു അറികയും ചെയ്‌വിൻ; കണ്ടു എങ്കിൽ ഞാൻ അതിനോട് ക്ഷമിക്കും" (യിരെമ്യാവ് 5:1). അവൻ പ്രവാചകനോട് ഇങ്ങനെ പറഞ്ഞു ഈ വിടവിൽ നിൽക്കാൻ ഒരാളെ കാണുവാൻ സാധിക്കുമെങ്കിലും മുഴുവൻ രാജ്യത്തിനും മാപ്പു നൽകും. എന്റെ ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ എനിക്ക് ആകെ ആവശ്യമായിരിക്കുന്നത് ഒരൊറ്റ ആത്മാവിനെയാണ്.

പ്രിയരേ, ഇന്നു സഭകളിൽ ലോകത്തിന്റെ വഴികളിൽ എത്തിച്ചേരുവാനുള്ള വഴികൾ ആലോചിച്ച് ശബ്ദകോലാഹലം ഉണ്ടാക്കുന്നു. അതിനാൽ അനേകം പുതിയ വിചിത്രമായ പരിപാടികൾ പരീക്ഷിക്കുന്നു. എന്റെ ശുശ്രൂഷയുടെ ഈ കാലത്തിൽ ഇതുപോലുള്ള അനേകം പരിപാടികൾ വരികയും പോകുകയും ചെയ്യുന്നത് നാം കാണുന്നുണ്ട്. ഈ പരിപാടികളെല്ലാം തന്നെ ജഡത്തിന്റെ സന്തോഷത്തിനു വേണ്ടിയുള്ളതാണ്. ഇതിന് കുരിശുമായി യാതൊരു ബന്ധവുമില്ല. ലോകത്തിന്റെ മേഹങ്ങളിൽ നിന്നും വേറിട്ട് സുവിശേഷത്തിനുവേണ്ടി ജീവിക്കാതെ പൂർണ്ണതയില്ലാത്ത ജീവിതം ഇവർ നയിക്കുന്നു. ഈ പരിപാടികളൊക്കെയും വിഡ്ഢിത്തമാണെന്ന് ലോകം പരിഹസിക്കുന്നു.

ഏതൊരു പുരോഹിതനും, സഹായിക്കും ഇതുപോലുള്ള നിസ്സാരമായ കാര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ സാധിക്കും. ഒരു വ്യക്തിക്ക് പിശാചിനെ പോലെ ജീവിക്കുവാനും ദൈവീക പരിപാടികൾ നടപ്പിലാക്കാനും സാധിക്കും. ഇതിനായി നിങ്ങൾക്ക് വേണ്ടത് നല്ല മൂർച്ചയുള്ള മനസ്സും ഒരു നല്ല മാനേജരുടെ തന്ത്രവുമാണ്. ഇതിലൂടെ ഒരു വലിയ സഭ നിങ്ങൾക്കു നേടുവാൻ സാധിക്കും. പക്ഷേ ഇതെല്ലാം ദൈവത്തിന്റെ വിശുദ്ധിയും നീതിയും കൂടാതെ ദൈവവുമില്ലാതെ പ്രവർത്തിക്കുകയാണെങ്കിൽ അത് ദുർഗന്ധപൂരിതമായിരിക്കും. ഇത് നല്ലൊരു സാക്ഷ്യത്തിന്റെ പിൻബലമില്ലാത്ത സുവിശേഷമാണ്. ഇതിന് വിടുതൽ നൽകുവാനുള്ള അധികാരം ഉണ്ടായിരിക്കുകയില്ല.

വർഷങ്ങളായി ഞാൻ മനസ്സിലാക്കിയ കാര്യം എന്തെന്നാൽ ഒരു പ്രാസംഗികൻ എത്രമാത്രം പിന്നോട്ടുപോയോ അത്രമാത്രം അദ്ദേഹം ജനക്കൂട്ടത്തെ ആകർഷിക്കുവാൻ വിനോദപരമായി സുവിശേഷിക്കുവാനുള്ള പുതിയ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കും എന്നാണ്. തന്റെ വിജയം കാണിക്കുവാനായി ജനക്കൂട്ടത്തിന്റെ വ്യാപ്തിയുടെ കണക്കും സമ്പത്തിന്റെ കണക്കും ഉപയോഗിക്കും. ഈ പ്രവർത്തനങ്ങൾക്കു സാക്ഷ്യം ഇല്ലാത്തതിനാൽ ഇത് മറ്റൊരു സുവിശേഷവും മറ്റൊരു യേശുവുമാണ്.

തന്റെ ജീവിതത്തിന്റെ എല്ലാമേഖലയിലും യേശുക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്നതുവരെയും തന്റെ ആട്ടിൻകൂട്ടത്തെ പരിശുദ്ധാന്മാവിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതുവരേയും ഒരു ദൈവീകനായ പ്രാസംഗികന് വിശ്രമം ഉണ്ടാകുകയില്ല.

**സുവിശേഷത്തിന്റെ ശക്തിയാൽ നല്ല സാക്ഷ്യം ലഭിച്ച ഒരു വ്യക്തി സാത്താന്റെ കോപത്തിന്റെ പ്രധാന ലക്ഷ്യമായി മാറും.**

ക്രിസ്തുവിനുവേണ്ടി നിങ്ങൾ വിശപ്പും ദാഹവും സഹിക്കുകയാണെങ്കിൽ സാത്താൻ നിങ്ങൾക്കുനേരെ യുദ്ധം പ്രഖ്യാപിക്കും. പ്രാർത്ഥിക്കുവാനുള്ള ഉത്സാഹവും സ്വയത്യാഗവും നിങ്ങളുടെയുള്ളിലുള്ളത് യാഥാർത്ഥ്യമാണെന്നുള്ള തെളിവ് സാത്താനു ലഭിക്കുമ്പോൾ സാത്താൻ നിങ്ങളുടെ സാക്ഷ്യത്തെ തകർക്കുവാനായി നരകത്തിലെ എല്ലാ ആയുധങ്ങളും ഉപയോഗിക്കും. കാരണമെന്തെന്നാൽ വിശ്വാസ ത്യാഗത്തിന്റെയും നാശത്തിന്റെയും ദൈവീകമായ ഉന്നതമാണ് നിങ്ങളുടെ നല്ല സാക്ഷ്യം.

ഇതുതന്നെയാണ് ദാനിയേലിന്റെ ജീവിതകഥയിലെ അഗ്നികുണ്ഠത്തിന്റെ കഥയുടെ സാരവും. ബാബിലോണിലെ സാക്ഷ്യമുള്ള ഒരേയൊരു ജീവിതത്തെ നശിപ്പിക്കുവാൻ സാത്താൻ വിശദമായ പദ്ധതി തയ്യാറാക്കുകയാണ്. ഇതിന്റെ പരിസമാപ്തി അഗ്നികുണ്ഠത്തിലൂടെ സുവിശേഷത്തിനുവേണ്ടി നിലകൊണ്ടവരെ നശിപ്പിക്കുവാനായിരുന്നു.

ബാബേൽ രാജ്യത്ത് മൂന്നു ദൈവപുരുഷന്മാർ ഉന്നതമായ രാജകീയ പദവികളിൽ ജോലി ചെയ്തിരുന്നു. അവർ പറയുന്നതു തന്നെ പ്രവർത്തിക്കുന്നവരായിരുന്നു. ബാബിലോണിന്റെ ഇന്ദ്രിയസുഖം പകരുന്ന ജീവിതത്തിൽ നിന്നും വേർപെട്ട ഇവരുടെ ജീവിതം പ്രാർത്ഥനയുടേതായിരുന്നു. ഈ മൂന്നുപേരും പ്രവാചകന്മാരോ പുരോഹിതന്മാരോ ആയിരുന്നില്ല, വെറും സാധാരണക്കാരായിരുന്നു. വിഗ്രഹാരാധനകളുടെ ഇടയിൽ ഹൃദയവിശുദ്ധിയോടെ ദൈവത്തിന്റെ വിശ്വസ്തരായി ഇവർ തുടർന്നുവന്നു.

ഇവരുടെ സാക്ഷ്യജീവിതം സാത്താന്റെ കോപത്തിനു കാരണമായി. സാത്താൻ രാജാവിന്റെ മനസ്സിൽ പ്രവേശിച്ചു. ഉടൻതന്നെ ഒരു വലിയ ബിംബം സ്ഥാപിക്കപ്പെടുകയും ഇതിനെ ജനങ്ങളെല്ലാവരും വണങ്ങി ആരാധിക്കണമെന്നു ഒദ്യോഗിക പ്രഖ്യാപനവും ഉണ്ടായി. ഇത് അവരുടെ ദേശീയ ദൈവമാണെന്നും പ്രഖ്യാപിക്കപ്പെട്ടു. രാജാവ് ബാബിലോണിലെ എല്ലാ ഉദ്യോഗസ്ഥരെയും ദാസ

ന്മാരെയും വിളിച്ചുകൂട്ടി പുതിയ മതത്തെ പ്രഖ്യാപിച്ചു. ആചാരപരമായ സംഗീതം ആരംഭിക്കുവാൻ എല്ലാവരും ഈ ദൈവത്തെ വണങ്ങേണ്ടതുമാണെവന്നുള്ള കല്പനയും പുറപ്പെടുവിച്ചു.

ഒരു ഇഷ്ടികച്ചൂള പണിയുവാനും അതിൽ തീ കത്തിക്കുവാനും സാത്താൻ രാജാവിനെ പ്രേരിപ്പിച്ചു. ഇതിന്റെ ചൂടുള്ള തീജ്വാലകൾ എല്ലാവർക്കും ദൃശ്യമായിരുന്നു. എന്തിനാണ് സാത്താൻ ഇതു ചെയ്തത്? പുതിയ ഉത്തരവിനെ എതിർക്കുന്ന ഗവർണറോ, ജഡ്ജിയോ, മറ്റു പ്രതിനിധികളോ ബാബിലോണിൽ ഇല്ല എന്ന് സാത്താന് അറിയാമായിരുന്നു.

ഞങ്ങൾക്ക് എല്ലാം ലഭിക്കുന്ന ഈ മതം ഉപേക്ഷിക്കുന്നതെന്തിനെന്ന് ജനം മുഴുവനും കരുതി. തങ്ങൾക്ക് സമൃദ്ധിയുണ്ട്, ആഹാരവും കുടിക്കാൻ പാനീയവും, നല്ല ജീവിതവും ഉണ്ട്. ഇതെല്ലാം എന്തിനാണ് ഉപേക്ഷിക്കുന്നത്? എന്ന് ജനങ്ങളെല്ലാം ചിന്തിച്ചു.

പിന്നെ എന്തിനായിരുന്നു ഈ അഗ്നിചൂള? മൂന്നു ദൈവമക്കളെ നശിപ്പിക്കാനുള്ള സാത്താന്റെ പദ്ധതിയായിരുന്നു. ബാബിലോണിൽ ദൈവത്തിനു സാക്ഷികളായിരുന്ന ഈ മൂന്നുപേരെയും കൊല്ലാനും സാത്താൻ പദ്ധതിയിട്ടു.

ഈ മൂന്നു പേരെ ലഭിക്കുവാനായി ഒരു രാജാവിനെയും സർക്കാരിനെയും മലിനമാക്കുവാൻ സാത്താനു കഴിഞ്ഞു മാനുഷശക്തിക്കു നേരിടാനും വിജയിക്കുവാനും കഴിയാത്ത രീതിയിൽ സാത്താൻ ഒരു സാഹചര്യം ഒരുക്കി തയ്യാറാക്കി.

ഈ ചെറുപ്പക്കാർ സംഗീതത്തിന്റെ ആദ്യധ്വനി മുഴങ്ങിയപ്പോൾ ഈ വിഗ്രഹത്തെ വണങ്ങിയില്ല. സാത്താൻ ഇതിൽ വളരെയധികം പ്രകോപിതനായി. അപ്പോൾ രാജാവിന്റെ വായിൽ നിന്നും ഈ വാക്കുകൾ പുറത്തുവന്നു. "....നിങ്ങളെ എന്റെ കൈയ്യിൽ നിന്നും വിടുവിക്കാകുന്ന ദേവൻ ആർ?" (ദാനിയേൽ 3:15). "......ചൂള പതിവായി ചൂടുപിടിപ്പിച്ചതിൽ ഏഴുമടങ്ങ് ചൂടു പിടിപ്പിപ്പാൻ അവൻ കല്പിച്ചു." (ദാനിയേൽ 3:19).

ഇപ്പോൾ സാത്താൻ ദൈവദാസന്മാരെ കാണുവാനും വെല്ലുവിളിക്കുവാനും അവസരമുണ്ടായി. "നിങ്ങൾ ആരാണെന്നാണ് നിങ്ങൾ കരുതുന്നത്? ഞാൻ നിങ്ങൾക്കു വച്ചിരിക്കുന്ന വിധിയിൽ നിന്നും നിങ്ങൾ എങ്ങനെ രക്ഷപ്പെടും? ഞാൻ നിങ്ങളേയും നിങ്ങളുടെ സാക്ഷ്യത്തെയും പൂർണ്ണമായും നശിപ്പിക്കാൻ പോകുന്നു" എന്ന് സാത്താൻ ഭീഷണിപ്പെടുത്തി.

ഒരു തലമുറക്കു മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ പതിന്മടങ്ങ് ചൂടാണ് ഇപ്പോൾ നാം അഭിമുഖീകരിക്കുന്നത്. ഉദാഹരണമായി സാത്താൻ നമ്മുടെ കാലഘട്ടിലെ മുഴുവൻ സാങ്കേതിക വിദ്യയേയും ആക്രമിച്ച് പ്രലോഭനം, വിഷയാസക്തി, കാമാന്ധത, വ്യഭിചാരം എന്നിവയാൽ നിറച്ചിരിക്കുകയാണ്. എന്തുകൊണ്ടാണ് ഇത്രയും വലിയ ചൂടുള്ള ചൂളയെ നാം അഭിമുഖീകരിക്കേണ്ടി വരുന്നത്. എല്ലാ ഉല്പന്നങ്ങളുടെയും ഉപയോഗത്തിനായി ലൈംഗികതയും കാമമോഹവുമെല്ലാം ഉപയോഗിക്കപ്പെടുന്നത്? ഇന്റർനെറ്റിൽ നൂറുകണക്കിന് അശ്ലീല വെബ്സൈറ്റുകൾ ഉള്ളത് എന്തുകൊണ്ടാണ്? ഈ മാലിന്യ പ്രളയത്തിന്റെ ലക്ഷ്യം ആരാണ്?

നിശ്ചയമായും ഇത് ദുഷ്ടന്മാരല്ല. വേദപുസ്തക പ്രകാരം ഇവരെല്ലാം സാത്താന്റെ മക്കളാണ്. ഇന്ന് മതേതര ലോകമല്ല. സാത്താന്റെ ലക്ഷ്യം ഇതൊന്നുമല്ല. മാധ്യമങ്ങളെ വിലക്കെടുത്ത് ക്രിസ്ത്യാനികളാകുന്നവരെ പ്രലോഭിച്ച് തന്റെ വശത്താക്കിക്കൊണ്ടിരിക്കുന്നു. സുവിശേഷത്തിന്റെ സാക്ഷ്യം ദുർബലപ്പെടുത്തുവാനും നശിപ്പിക്കുവാനും അവനാഗ്രഹിക്കുന്നു.

അനേകം വിശ്വാസികളുടെ ജീവിതത്തിനു മുകളിലൂടെ ഏഴ് ഇരട്ടി ശക്തിയോടെ ചൂള ചൂടാക്കിയിരിക്കുന്നു. ഇതിനുള്ള സാഹചര്യങ്ങൾ ഭവനങ്ങളിലും, ജോലിസ്ഥലത്തും, വ്യക്തിബന്ധങ്ങളിലും സാഹചര്യങ്ങൾ സൃഷ്ടിച്ച് സാത്താൻ കാത്തിരിക്കുന്നു. മുമ്പ് ശക്തിയോടെ ദൈവവേല ചെയ്തിരുന്നവർ ദൈവത്തെ ത്യജിച്ചിരിക്കുന്നു. ആവശ്യങ്ങൾക്കായി അവർ പ്രാർത്ഥിക്കുന്നില്ല. പകരമായി അവർ ചിന്തിക്കുന്നത് എനിക്ക് ഉണ്ടായ പരീക്ഷകൾ കടുപ്പേറിയതിനാൽ അവർ പറയുന്നത്: എന്റെ പരീക്ഷകൾ അതിജീവിക്കുവാൻ കഴിയാത്തത്ര തീവ്രമാണ്.

**ഈ മൂന്നുപേരും അവരുടെ സാക്ഷ്യം സൂക്ഷിക്കുകയും സാത്താന്റെ പദ്ധതി തകർക്കുകയും ചെയ്തിരിക്കുന്നതിന് ദൈവത്തെ സ്തുതിക്കാം.**

ബാബിലോണിനെക്കുറിച്ചുള്ള വർണനയിലൂടെ സാക്ഷ്യത്തെക്കുറിച്ച് വിശദമാക്കുവാൻ ദൈവം തീരുമാനിച്ചു. ഈ മൂന്നു ചെറുപ്പക്കാരും പ്രതിമയെ വണങ്ങാത്തതിനാൽ ദൈവം അവരെ വിടുവിച്ചു. യേശുക്രിസ്തുവിനെക്കുറിച്ച് ജനത്തിന് വ്യക്തമായ ചിത്രം നൽകുവാൻ അവർക്ക് സാധിച്ചു.

ബാബിലോൺ രാജാവ് സാക്ഷ്യപ്പെടുത്തിയത് ഇങ്ങനെയാണ്. "നാം മൂന്നു പുരുഷന്മാരെയല്ലയോ ബന്ധിച്ച് തീയിൽ ഇട്ടത് എന്നു ചോദിച്ചതിന് .... നാലു പുരുഷന്മാർ കെട്ടഴിഞ്ഞു തീയിൽ നടക്കുന്നതു ഞാൻ കാണുന്നു; അവർക്ക് ഒരു കേടും തട്ടിയിട്ടില്ല; നാലാമത്തവന്റെ രൂപം ഒരു ദൈവപുത്രനോടു ഒത്തിരിക്കുന്നു എന്ന് കല്പിച്ചു". (ദാനിയേൽ 3:24,25).

പെട്ടെന്ന് രാജാവ് നൽകിയ വിഗ്രഹാരാധനയുടെ ആദ്യ ഉത്തരവ് അസാധുവാക്കി. അവൻ വേഗത്തിൽ പുതിയ കല്പന നൽകി. "ഈ വിധത്തിൽ വിടുവിപ്പാൻ കഴിയുന്ന മറ്റൊരു ദൈവവും ഇല്ലായ്കകൊണ്ട് ഏതു ജാതിക്കാരിലും വംശക്കാരിലും ഭാഷക്കാരിലും ആരെങ്കിലും ശദ്രക്കിന്റെയും മേശക്കിന്റെയും അബേദ്നഗോവിന്റെയും ദൈവത്തിനു വിരോധമായി വല്ലതെറ്റും പറഞ്ഞാൽ അവനെ കഷ്ണം കഷ്ണമായി ശകലിക്കയും അവന്റെ വീട് കുപ്പക്കുന്നാക്കുകയും ചെയ്യുമെന്ന് ഞാനൊരു വിധി കല്പിക്കുന്നു" (ദാനിയേൽ 3:29).

പ്രിയമുള്ളവരേ, ഇതെല്ലാം സംഭവിച്ചത് വിശ്വാസത്തിനുവേണ്ടി ജീവൻ നൽകുവാൻ തയ്യാറായ ദൈവത്തിന്റെ നീതിമാന്മാരായ മൂന്നു മനുഷ്യരുടെ സാക്ഷ്യം കൊണ്ടാണ്. ഈ മൂന്ന് എളിയ ഉദ്യോഗസ്ഥരുടെ പ്രവൃത്തികൊണ്ട് രാജ്യത്തിന്റെ നിയമങ്ങൾ പോലും മാറ്റുവാൻ സാധിച്ചു.

അതെ, സാമ്പത്തികമായും ശാരീരികമായും മാനസികമായും ആത്മീയമായും മറ്റെല്ലാ തരത്തിലും കാര്യങ്ങൾ ചൂടുപിടിക്കുവാൻ പോകുന്നു. എല്ലാ സ്ഥലത്തുമുള്ള ദൈവഭക്തരായവരും വേർപെട്ട് ജീവിക്കുന്നവരുമായ സാക്ഷ്യമുള്ള ജനത്തിന്മേൽ ദൈവം കണ്ണുനട്ടിട്ടുണ്ട്. അവന്റെ സുവിശേഷം സാക്ഷ്യത്തോടു കൂടെ പ്രസംഗിക്കപ്പെടും.

അപ്പോൾ കർത്താവ് മടങ്ങിവരും.

## അടിയന്തിര ആവശ്യം
## വിളിയുടെ പ്രതിധ്വനി– ഉർദു

വിളിയുടെ പ്രതിധ്വനിയ്ക്ക് ഉർദു ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ കഴിവുള്ളവരെ ആവശ്യമുണ്ട്. പ്രതിഫലവും മറ്റു ചിലവുകളും ഓരോ മാസവും നൽകുന്നതാണ്.

പാസ്റ്റർ എസ്. സാം സെൽവരാജ്
വാട്ട്സ്ആപ് & മൊബൈൽ
+ 98412 71858 / 98410 71858



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" മത്തായി 24:15

**പറഞ്ഞു തീരാത്ത അനുഗ്രഹങ്ങൾക്കായി ദൈവത്തിനു നന്ദി കരേറ്റാം!**

**സ്നാനപ്പെടുത്തുന്ന ടാങ്കിന്റെ കഥ.**

വിവിധ ഭാഷകളിലുള്ള സുവിശേഷ സാഹിത്യ വിതരണം, വ്യക്തിപരമായ സന്ദർശനങ്ങൾ, സഭാപ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് പദ്ധതികൾ എന്നിവയിലൂടെ വിവിധ ഭാഷകളിലും സംസ്ക്കാരത്തിലുമുള്ള ജനങ്ങളുടെ അടുക്കലേയ്ക്ക് യേശുക്രിസ്തുവിന്റെ സന്ദേശവുമായി കടന്നു ചെല്ലുവാൻ ഞാൻ കഠിനമായി പരിശ്രമിച്ചിരുന്നു. അനേകരുടെ ജീവിതങ്ങളെ സ്പർശിക്കുവാനും പുതിയ അനേകം ആത്മാക്കളെ സ്നാനപ്പെടുത്തുവാനും ദൈവം എന്നെ സഹായിച്ചു. എന്നാൽ സ്നാനം കഴിപ്പിക്കുവാനുള്ള ടാങ്ക് എന്റെ പക്കൽ ഇല്ലായിരുന്നു.

അതിനാൽ സ്നാനപ്പെടുത്തുവാനായി സ്വകാര്യ നീന്തൽകുളങ്ങളെയാണ് ഞാൻ ആശ്രയിച്ചിരുന്നത്. യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് സ്നാനപ്പെടുവാൻ അനേകർ കടന്നു വന്നപ്പോൾ നീന്തൽ കുളങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും ഉടമകൾ എന്നെ വിലക്കി. അതിനാൽ ചെറിയ തുക വാടകയായി നൽകി മറ്റു സഭകളുടെ സ്നാന ടാങ്കുകൾ അവരുടെ അംഗീകാരത്തോടെ ചെയ്തുവന്നു.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് കടന്നു വരുന്നവരുടെ എണ്ണം വളരെയധികം വർദ്ധിച്ചതിനാൽ പ്രാദേശിക സഭകൾക്കും ഞാൻ ഒരു ശല്യക്കാരനായി മാറി. അവസാനം ഒരു സഭയുടെ സീനിയർ പാസ്റ്ററെ സമീപിച്ച് സഹായിക്കുവാനായി യാചിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചു. കുറച്ചു നാൾ സ്നാനപ്പെടുത്തുവാൻ ഞാൻ ആ ടാങ്ക് ഉപയോഗിച്ചു. ഒരു ദിവസം പ്രഭാതത്തിൽ അദ്ദേഹം എന്നെ വിളിച്ച് ഇങ്ങനെ പറഞ്ഞു: സുവിശേഷം എത്തിച്ചേരാത്ത ജനങ്ങളുടെ അടുക്കൽ സുവിശേഷം എത്തിക്കുവാനും ഞങ്ങളുടെ ടാങ്കിൽ അവരെ സ്നാനപ്പെടുത്തുവാനും ദൈവം നിങ്ങളെ ഉപയോഗിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്ന് വ്യത്യസ്ത ആളുകളെ കൊണ്ടുവന്ന് സ്നാനം നൽകുന്നുവെന്ന് ഞാൻ മനസ്സിലാക്കി. അപകടസാദ്ധ്യതയുള്ളതിനാൽ ആ റിസ്ക് എടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനാൽ ദയവായി ക്ഷമിക്കൂ, എനിക്ക് ഇനി നിങ്ങളെ അനുവദിക്കാൻ കഴിയുകയില്ല.

ഇതിൽ ഞാൻ അതി ദുഃഖിതനായി. ചില മാസങ്ങൾ എനിക്ക് സ്നാന ശുശ്രൂഷ നടത്താൻ കഴിയാതെ പോയി. പക്ഷെ പുതുതായി വന്നവർ സ്നാനത്തിനായി എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. 1980-ാം വർഷത്തിലെ ഒരു ദിവസം വലിയ ഹൃദയഭാരവുമായി കർത്താവിനോട് പ്രാർത്ഥിച്ചു. പ്രാർത്ഥനാ മുറിയിലെ പായയിൽ കിടന്ന് ഉരുളുകയല്ലാതെ പുറത്തു വരുവാൻ എനിക്കു കഴിഞ്ഞില്ല. എനിക്ക് പ്രാർത്ഥിക്കാൻ കൂടുതൽ വാക്കുകളുമില്ലായിരുന്നു. അല്പസമയത്തിനു ശേഷം കർത്താവിന്റെ ആത്മാവ് എന്നെ സന്ദർശിച്ച് കർത്താവിൽ നിന്നും വൻകാര്യങ്ങൾക്കായി പ്രാർത്ഥിക്കുവാൻ എന്നെ പ്രോത്സാഹിപ്പിച്ചു. അതിൻപ്രകാരം ഞങ്ങളുടെ സഭ, സ്നാന ടാങ്ക്, ഓഫീസുകൾ, അച്ചടിശാല, താമസസ്ഥലം എന്നിവ നടത്തുവാൻ സൗകര്യപ്രദമായ ഒരു സ്ഥലം സ്വന്തമാക്കുവാൻ ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. എന്റെ പക്കലുള്ള സകല സമ്പത്തും വസ്തുവകകളും ഈ ആവശ്യത്തിനു വേണ്ടി വിട്ടുകൊടുക്കാൻ തയ്യാറാകണമെന്ന് ദൈവം എന്നോട് വ്യക്തമായി സംസാരിച്ചു. ദൈവം പറഞ്ഞതിൻപ്രകാരം ഒരു മടിയും കൂടാതെ എല്ലാം ദൈവത്തിനായി സമർപ്പിച്ചു. എന്റെ വ്യക്തിപരമായ സംഭാവന വളരെ കുറവാണെങ്കിൽ കൂടിയും ഇപ്പോഴുള്ള സൗകര്യപ്രദമായ കെട്ടിടം സ്വന്തമാക്കുവാൻ ദൈവം സഹായിച്ചു. ഈ വസ്തു സ്വന്തമാക്കിയപ്പോൾ ഞാൻ ആദ്യം ചെയ്തത് സ്നാനത്തിനായി ഒരു ടാങ്ക് നിർമ്മിക്കലായിരുന്നു. അത് ഇപ്പോഴും ഉണ്ട്. എത്ര അത്ഭുതകരമായ ദൈവമാണ് നമുക്കുള്ളത്?

പ്രിയ സുഹൃത്തേ, ഒരു പ്രത്യേക ഉദ്ദേശത്തോടെ ദൈവം നിങ്ങളെ വിളിച്ചു എങ്കിൽ ഒരിക്കലും ദൈവത്തെ സംശയിക്കരുത്. സ്വാർത്ഥതയും ദുഷിച്ച ചിന്തകളും ഇല്ലാതെ അവന്റെ സന്നിധിയിൽ ഒരു ചെറിയ കുഞ്ഞാടിനെപ്പോലെ കടന്നു ചെന്ന് ഒരു കുട്ടി പിതാവിനോട് ആവശ്യങ്ങൾ അറിയിക്കുന്നതുപോലെ നിങ്ങളുടെ പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും അവന്റെ കാൽച്ചുവടുകളിൽ സമർപ്പിക്കുകയാണെങ്കിൽ, എത്ര അത്ഭുതവാനായ ദൈവമാണ് നമുക്കുള്ളതെന്ന് ജീവിതത്തിലൂടെ തന്നെ കാണുവാൻ സാധിക്കും. അതിനാൽ ചിന്തിച്ചു സമയം കളയാതിരിപ്പിൻ. "ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വച്ചുകൊൾവിൻ. പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധിക്ക് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ (1 പത്രൊസ് 1:13-15).

**സ്നേഹത്തോടുകൂടിയ അഭ്യർത്ഥന**

നിങ്ങൾ അറിയുന്നതുപോലെ ജീവനക്കാരുടെ ശമ്പളം, പേപ്പറിന്റെ വില, യാത്രകളുടെ ചെലവ് തുടങ്ങിയവ വഹിക്കുവാൻ ഞങ്ങൾ വല്ലാതെ ഞെരുങ്ങുകയാണ്. സാധാരണയായി മറ്റുള്ളവരോട് ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ചോദിക്കാറില്ല. നിങ്ങൾ ഞങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളുടെ സംഭാവനകൾ മണി ഓർഡർ, ചെക്ക്, ഡ്രാഫ്റ്റ്, ഫോൺ പെ, നെഫ്റ്റ് തുടങ്ങിയവയിലൂടെയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കുവിൻ. നിശ്ചയമായും ദൈവം നിങ്ങളെ അനുഗ്രഹിക്കും. കൂടുതൽ വിവരങ്ങൾക്ക്
+91 9841271858

**എഡിറ്റർ, വിളിയുടെ പ്രതിധ്വനി**

RNI NO. 55468/94, Postal Regn. No. TN/CH (C)/199/21-23 WPP NO. TN/PMG(CCR)/WPP-221/21-23

# ECHO OF HIS CALL

**Monthly magazines in 16 languages, Bible Colleges, Postal Courses, Church Planting, Village English High School, Gospel Printing Press, Crusades, Seminars, Social Services, etc.**

**Annual Subscription : Rs. 100/- Life Subscription : Rs. 2000/-**

The multifarious activities of **Echo of His Call Ministry** is supported by the free-will offerings and donations of the God's Children like you. You may support **Echo of His Call** and its activities as the Lord leads you. We need your help to send forth the Gospel to the unreached people and plant Churches.

If you would like to receive **ECHO OF HIS CALL** magazines regularly, please write to us. Whenever you change your postal or e-mail addresses, please do inform us your old and new addresses.

**Echo of His Call** is available in 16 languages in our websites also. You can read it by going into the site as well as downloading it and get blessed.

Your letters, prayer requests and your financial helps (by D.D., Cheque, M.O. etc.) to **ECHO OF HIS CALL** may be sent to the address below.

Please send your **Land Phone / Mobile Phone Numbers and E.mail addresses** for updation.

**ECHO OF HIS CALL**
10, Mohammed Abdullah 2nd Street, Chepauk,
Chennai - 600 005, India
PH: (+91-44) 2852 8282, 2852 9293, 2854 7766,
Cell: (+91) 98410 71852, 95661 31858
E-mails: sam@echoofhiscall.org / biblecor@yahoo.co.in
Websites: www.echoofhiscall.org / www.echoofhiscall.com

**YOU CAN SEND YOUR DONATIONS ON ONLINE ALSO**

## PLEASE PRAY FOR OUR MINISTRIES AT THE HEADQUARTERS

1. Prayer Service : 24 hours
2. **BIBLECOR -** Bible Correspondence Courses : English, Tamil & Hindi
3. **ECHO OF HIS CALL** - Monthly Magazines : English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikaans.
4. Nehemiah Bible Colleges (Two Centres)
5. Theological Correspondence Courses: English & Tamil
6. Great Commission Partners (Network of Pastors)
7. Training Programmes
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools : 8.30 a.m. & 4.00 p.m. Sunday
13. **Tamil Services : 5.30 a.m. , 7.00 a.m. & 10.00 a.m. Sunday**
14. **Malayalam Service : 2.00 p.m. Sunday**
15. **Telugu Service : 4.00 p.m. Sunday**
16. **Hindi Service : 5.00 p.m. Sunday**
17. **English & Tamil Service : 6.00 p.m. Sunday**
18. Pastors' Counselling : 4.00 p.m. Sunday
19. Women's Prayer : 5.30 p.m. Wednesday
20. Mid-week Bible study : 6.30 p.m. Wednesday
21. Men's Prayer : 7.00 p.m. Friday
22. Workers' Meeting : 6.00 p.m. Saturday
23. House Meetings : 6.30 p.m. Monday & Tuesday
24. Special Holy Communion : 5.30 a.m. 1st day of each month
25. Ministers Review Meeting : 5.30 p.m. First Saturday
26. Parents' Prayer : 4.00 p.m. First Sunday
27. Night Prayer : 9.30 p.m. Second Friday
28. Fasting Prayer : 9:30 a.m. Third Saturday
29. Holy Communion : Second Sunday Services
30. Morning Devotion : 5.30 a.m. daily
31. Staff Devotion : 9.00 a.m. daily
32. Office : 9.00 a.m. to 9.00 p.m. (except Sundays)

**The details of our Bank Accounts are given below. Please inform us the details of your remittances.**

| Bank | Branch | Name | IFSC Code No. | Account Number |
|---|---|---|---|---|
| 1. STATE BANK OF INDIA | Triplicane, Chennai -5 | S. Sam Selva Raj | SBIN 0000249 | 102329 34679 |
| 2. ICICI BANK | Anna Salai, Chennai -2 | Echo of His Call | ICIC 0006038 | 6038 05022319 |

**RNI NO. 55468/94**
**Postal Regn. No. TN/CH/(C)/199/21-23**
**WPP NO. TN/PMG(CCR) / WPP- 221/21-23**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month**
**Posted at "Egmore RMS / 1 Patrika Channel" on 4th JANUARY 2021**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957,**
**Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from 10, Mohammed Abdullah II Street, Chepauk, Chennai- 600 005 and printed by him at **Echo of His Call Printers** 10, Mohammed Abdullah II Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj**.